**'ഭരണഭാഷ-മാതൃഭാഷ'**

TCPTVM/298/2021-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകൻറെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm@gmail.com
തീയതി: **19/04/2021**

നഗരാസൂത്രക
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ

വിഷയം : കെട്ടിട നിർമ്മാണം - കൺകറൻസ് -സംബന്ധിച്ച്.

സൂചന :
1. താങ്കളുടെ 04.02.2021 ലെ ZK2/BA/11/2021 നമ്പർ കത്ത്.
2. 26.03.2021 ലെ 127ാം കൺകറൻസ് കമ്മിറ്റിയുടെ തീരുമാനം.

തിരുവനന്തപുരം നഗരസഭയിൽ കടകംപള്ളി വില്ലേജിൽ പഴയ സർവ്വേ നമ്പർ 838 B,838 B-3 ൽ ഉൾപ്പെട്ട 121 ച.മീ വസ്തുവിൽ Smt.Thankamani.G യുടെ ഉടമസ്ഥതയിൽ 190.74 ച.മീ. തറ വിസ്തീർണ്ണമുള്ള മൂന്ന് നില ഏക കുടുംബ വാസഗൃഹം നിർമ്മിക്കുന്നതിന് സൂചന (1) മുഖേന ലഭിച്ച അപേക്ഷ സൂചന (2) പ്രകാരമുള്ള കമ്മിറ്റി പരിഗണിക്കുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി കൺകറൻസ് അനുവദിക്കുന്നു.

1. നിർദ്ദിഷ്ട നിർമ്മാണ വസ്തുവിൻറെ ഉടമസ്ഥാവകാശം , റവന്യൂ വിവരങ്ങൾ , അതിർത്തി അളവുകൾ എന്നിവ ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. ടി നിർമ്മാണം നിലവിലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (2008) അനുബന്ധ ഭേദഗതി/ KLU order എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നു സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കണം.
3. നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർദ്ദിഷ്ട നിർമ്മാണം, പ്രദേശത്തെ ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.
5. നിർദ്ദിഷ്ട നിർമ്മാണത്തിനോട് ചേർന്നുള്ള പ്ലോട്ടുകളിലെ നിർമ്മാണങ്ങൾ നിയമാനുസൃതമായിരിക്കണം.(authorised)
6. നിർദ്ദിഷ്ട നിർമ്മാണം ഏക കുടുംബ വാസഗൃഹത്തിനായിരിക്കണം . കൂടാതെ വിസ്തീർണ്ണം, ഉപയോഗം എന്നിവ മാറ്റാൻ പാടില്ലാത്തതുമാണ്.
7. നിലവിലുള്ള നിയമങ്ങൾ പ്രകാരം മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവിടങ്ങളി

ൽ നിന്നും അവശ്യം നേടേണ്ടതായ അനുമതികൾ / അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

8. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കൺകറൻസ് മാത്രമാണ് നല്കുന്നത്. ആയതിനാൽ ബാധകമായ മറ്റ് എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചിരിക്കണം.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by Jayasree V K
Date: 2021.04.19 16:19:54 IST
Reason: Approved

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം:-കൺകറൻസ് രേഖപ്പെടുത്തിയ പ്ലാൻ(1 എണ്ണം)

പകർപ്പ്(അറിവിലേയ്ക്കായി)

Thankamani.G,
Radha House,TC 16/1506,
Mosque Lane,Medical College P.O,
TVPM 695011.